14-ാം കേരള നിയമസഭ

10-ാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5906 — 23-03-2018 -ൽ മറുപടിയ്ക്ക്

## മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ സ്ഥിരാംഗീകാരം ലഭിച്ച സീറ്റുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ടി. തോമസ്** | | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** | |
| (എ) | സർക്കാർ ഉടമസ്ഥതയിലുള്ള മെഡിക്കൽ കോളേജുകളിൽ നിലവിൽ എത്ര എം.ബി.ബി.എസ് സീറ്റുകളാണ് ഉള്ളത്; | (എ) | 1300 സീറ്റുകൾ |
| (ബി) | പ്രസ്തുത സീറ്റുകൾക്കെല്ലാം മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ സ്ഥിരാംഗീകാരം ലഭിച്ചിട്ടുണ്ടോ; | (ബി) | 1100 സീറ്റുകൾക്ക് സ്ഥിരാംഗീകാരം ലഭിച്ചിട്ടുണ്ട്. സർക്കാർ മെഡിക്കൽ കോളേജ് കൊല്ലം, സർക്കാർ മെഡിക്കൽ കോളേജ് മഞ്ചേരി, എന്നീ മെഡിക്കൽ കോളേജുകളിലെ 100 വീതം സീറ്റുകൾക്ക് എം.സി.ഐയുടെ സ്ഥിര അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | കോഴിക്കോട് മെഡിക്കൽ കോളേജിൽ അധികമായി അനുവദിച്ച സീറ്റുകൾക്ക് സ്ഥിരാംഗീകാരം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത അംഗീകാരം ലഭിക്കുന്നതിന് വേണ്ടി ഏർപ്പെടുത്തിയ സൗകര്യങ്ങൾ എന്തൊക്കെയാണ്; | (സി) | ഉണ്ട്. എം.സി.ഐ നിഷ്കർഷിച്ചിട്ടുള്ള എല്ലാ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | ഇടുക്കി മെഡിക്കൽ കോളേജിന് മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം ലഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | എം.സി.ഐ അംഗീകാരം ലഭിക്കുന്നതിന് മുന്നോടിയായി ആരോഗ്യ സർവ്വകലാശാലയുടെ "Consent of affiliation" ലഭ്യമാക്കിയിട്ടുണ്ട്. വിവിധ നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. |

**സെക്ഷൻ ഓഫീസർ**